**വഴിവെളിച്ചം**

# ദീർഘായുസ്സും രക്തസാക്ഷിത്വവും

عن عَبدِ اللّه بن مَسْعودٍ رَضي اللَّه عَنه ، قَال : قَالَ رَسُولُ اللَّه ﷺ : إِنَّ لِلّه عِبَادًا يَضِنُّ بِهِمْ عَنِ القَتْلِ وَيُطِيلُ أَعْمَارَهُمْ فِى حُسْنِ العَمَلِ ، وَيُحَسِّنُ أَرْزَاقَهُمْ وَيُحْيِيهِمْ فِى عَافِيَةٍ ، وَيَقْبِضُ أَرْوَاحَهُمْ فِى عَافِيَةٍ عَلى الفُرُشِ ، فَيُعْطِيهِمْ مَنَازِلَ الشُّهدَاءِ.

**അബ്ദുല്ലാഹിബ്നു മസ്ഊദിൽനിന്ന്: നബി(സ) പറഞ്ഞു: "അല്ലാഹുവിന് ചില ഇഷ്ടദാസൻമാരുണ്ട്. രക്തസാക്ഷിത്വം നൽകാതെ അവൻ അവരെ തടഞ്ഞുവെക്കും. കൂടുതൽ സത്കർമങ്ങൾ ചെയ്യാൻ അവർക്ക് ആയുസ്സ് നീട്ടിക്കൊടുക്കും, ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തിക്കൊടുക്കും. ക്ഷേമപൂർണമായ ജീവിതം അവർക്ക് നൽകും. ഒടുവിൽ സ്വസ്ഥമായി വിരിപ്പുകളിൽ ഉറങ്ങുന്നവരായിരിക്കെ അവരുടെ ആത്മാക്കളെ അവൻ പിടിച്ചെടുക്കും. അവർക്ക് രക്തസാക്ഷികളുടെ പദവികളാകും അല്ലാഹു നൽകുക" (ത്വബ്റാനി)***

ആയുസ്സ് അല്ലാഹു നൽകുന്ന ഏറ്റവും വലിയ അനുഗ്രഹമാണ്. ഭൗതിക ജീവിതത്തിലെ മറ്റൊന്നും ആയുസ്സോളം ശ്രേഷ്ഠമല്ല. ഇതര അനുഗ്രഹങ്ങൾ അനുഭവിക്കണമെങ്കിലും ആസ്വദിക്കണമെങ്കിലും ആയുസ്സെന്ന അനുഗ്രഹം കൂടിയേ തീരൂ.

ആയുസ്സ് എല്ലാവർക്കും ഒരുപോലെയല്ല നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഏറിയും കുറഞ്ഞും പല അളവിലാണ് അത് നൽകുക. ചെറുപ്രായത്തിൽ തന്നെ മരണപ്പെടുന്നവരും പടുവാർധക്യത്തിൽ വിടപറയുന്നവരുമുണ്ട്. ഖുർആൻ ഓർമപ്പെടുത്തുന്നു: "ഗർഭാശയങ്ങളിൽനിന്ന് ശിശുക്കളായി നിങ്ങളെ നാം പുറത്തു കൊണ്ടുവരുന്നു. പിന്നീട് യൗവനം പ്രാപിക്കുന്നതുവരെ നിങ്ങളെ പരിപാലിക്കുന്നു. നിങ്ങളിൽ നേരത്തെ തിരിച്ചുവിളിക്കപ്പെടുന്നവരുണ്ട്; എല്ലാമറിഞ്ഞതിനു ശേഷം ഒന്നുമറിയാത്ത അവസ്ഥയിലെത്തുമാറ് അവശമായ വാർധക്യത്തിലേക്ക് തള്ളപ്പെടുന്നവരുമുണ്ട്" (22:5)

അന്ത്യനാളിൽ മനുഷ്യന് നൽകപ്പെട്ട അനുഗ്രഹങ്ങളെക്കുറിച്ച് വിചാരണ ചെയ്യപ്പെടുമ്പോൾ ആയുഷ്കാലത്തെക്കുറിച്ച് പ്രത്യേകം ചോദിക്കുമെന്ന് പ്രവാചകൻ(സ) ഉണർത്തിയിട്ടുണ്ട്: "നാലു കാര്യങ്ങളെക്കുറിച്ച് ചോദിക്കപ്പെടാതെ അന്ത്യനാളിൽ ഒരാളുടെയും പാദങ്ങൾ ഒരടിപോലും മുന്നോട്ട് ചലിക്കുകയില്ല: ആയുഷ്കാലം എങ്ങനെ കഴിച്ചുകൂട്ടി? യുവത്വം എപ്രകാരം വിനിയോഗിച്ചു? ധനം എവിടെനിന്ന് സമ്പാദിച്ചു; എവിടെ ചെലവഴിച്ചു? വിജ്ഞാനം കൊണ്ട് എന്തെല്ലാം പ്രവർത്തിച്ചു? ഇവയാണാ ചോദ്യങ്ങൾ" (ബൈഹഖി, തിർമുദി, ത്വബ്റാനി). "അഞ്ചു കാര്യങ്ങൾ വന്നെത്തുന്നതിനു മുമ്പ് അഞ്ച് അവസ്ഥകളെ നിങ്ങൾ പ്രയോജനപ്പെടുത്തുക: വാർധക്യത്തിന് മുമ്പ് യുവത്വം, രോഗാവസ്ഥക്ക് മുമ്പ് ആരോഗ്യം, ദാരിദ്ര്യത്തിന് മുമ്പ് ഐശ്വര്യം, ജോലിത്തിരക്കുകൾക്കു മുമ്പ് ഒഴിവുവേള, മരണത്തിനുമുമ്പ് ജീവിതം" (ഹാകിം).

ഒരു വിശ്വാസിക്ക് അയാളുടെ ആയുഷ്കാലം സത്കർമങ്ങൾ ചെയ്യാനുള്ള സുവർണാവസരമാണ്. കൂടുതൽ ദൈവപ്രീതി നേടാൻ അതുവഴി സാധിക്കുന്നു. നിഷേധിക്കാകട്ടെ, തന്റെ ജീവിതം ഒരു ശാപമായിത്തീരുകയാണ് ചെയ്യുന്നത്. ആയുസ്സ് കൂടുന്തോറും അയാളുടെ തെറ്റുകുറ്റങ്ങളും കൂടിക്കൊണ്ടിരിക്കും. ഒടുവിൽ കടുത്ത നിഷേധിയും ധിക്കാരിയുമായി അയാൾ ദൈവസന്നിധിയിലെത്തുന്നു. നബി(സ) പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ആയുസ്സ് വർധിക്കുകയും കർമങ്ങൾ നന്നാവുകയും ചെയ്തവനാണ്." ഒരാൾ ചോദിച്ചു: "പ്രവാചകരേ, ഏറ്റവും നികൃഷ്ടൻ ആരാണ്?" "ആയുസ്സ് അധികരിക്കുകയും കർമങ്ങൾ മോശമാവുകയും ചെയ്തവൻ!" (തിർമുദി, ബൈഹഖി, ഹാകിം, ത്വബ്റാനി).

ആദ്യംകൊടുത്ത ഹദീസ്, ആയുഷ്കാലത്തെ നന്നായി ഉപയോഗപ്പെടുത്തുകയും അതുവഴി അന്ത്യനാളിൽ സവിശേഷമായ ദൈവകാരുണ്യത്തിനർഹരാവുകയും ചെയ്യുന്ന ദൈവദാസന്മാരെ കുറിച്ചാണ്. യുദ്ധത്തിൽ വധിക്കപ്പെട്ടിട്ടില്ലെങ്കിലും രക്തസാക്ഷികളുടെ പ്രതിഫലം നൽകി അനുഗ്രഹിക്കപ്പെടുന്നവർ! എന്തുകൊണ്ടെന്നാൽ, ദൈവമാർഗത്തിൽ ഉറച്ചു നിൽക്കുകയും അല്ലാഹുവിനുവേണ്ടി ജീവിക്കുകയും ചെയ്തവരാണവർ. മരിക്കാൻ കഴിഞ്ഞില്ലെങ്കിലും അല്ലാഹുവിനുവേണ്ടി ജീവിക്കാൻ ശ്രമിച്ചവർ!

അല്ലാഹു നൽകിയ ആയുസ്സെന്ന അനർഘ സൗഭാഗ്യത്തിന് യാതൊരു വിലയും കൽപിക്കാതെ, അനാവശ്യ വർത്തമാനങ്ങളിലും വിനോദങ്ങളിലും മുഴുകി ജീവിതം പാഴാക്കുന്നവർ ഈ പ്രവാചക വചനങ്ങളെ കുറിച്ച് ചിന്തിച്ചെങ്കിൽ. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇതിന്റെ നിവേദക പരമ്പരയെക്കുറിച്ച് ഹാഫിള് ഹൈഥമി പറയുന്നു: "നിവേദകരിൽ ജഅ്ഫറുബ്നു മുഹമ്മദുൽ വാസിത്വി എന്നയാളെ ഞാനറിയില്ല; ബാക്കിയുള്ളവരെല്ലാം വിശ്വസ്തരാണ്" (*മജ്മഉസ്സവാഇദ്*, വാ: 10, പേജ്: 204). ജഅ്ഫറുബ്നു മുഹമ്മദുൽ വാസിത്വി സത്യസന്ധനും സ്വീകാര്യനുമാണെന്ന് ഇമാം ഇബ്നു ഹജറുൽ അസ്ഖലാനി സാക്ഷ്യപ്പെടുത്തുന്നു (*തഹ്ദീബുത്തഹ്ദീബ്*, വാ: 2, പേജ്: 71).